# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/337/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 6/337/2023 തീയ്യതി: 20/03/2023

## കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-06-2022 മുതൽ 02-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രത്നസിംഗ്.കെ.പി | ഡെപ്യൂട്ടി ഡയറക്ടർ | 03-03-2023 | 09-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2023 | 09-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ കെ, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ.ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ
ശ്രീ. സതീഷ് കുമാർ. സി പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത. ടി കെ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനൂപ്.കെ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിബിൻ ഇ സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിജുള കെ കെ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| എം ബീജു | സെക്രട്ടറി | 01-04-2021 | 05-10-2021 |
| അനിഷ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-10-2021 | 11-10-2021 |
| സുന്ദരരാജൻ | സെക്രട്ടറി | 12-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുധീർ പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 30-07-2021 |
| അനിഷ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-08-2021 | 31-03-2022 |
| ശ്രീമതി. വിജയലക്ഷ്മി.സി.എച്ച് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. എം.ബബിത | മെഡിക്കൽ ഓഫീസർ (ആയുർ) | 01-04-2021 | 31-03-2022 |
| ഡോ. വിജ്ഞനേഷ്.എസ്.എൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. രജിത്ത്.ടി | വെറ്ററിനറി സർജൻ | 01-04-2021 | 26-11-2021 |
| ഡോ ആനി നവോമി ഫിലിപ്പ് | വെറ്ററിനറി സർജൻ | 16-12-2021 | 31-03-2022 |
| ശ്രീമതി. സന്ധ്യ എം. ജി | ഐ. സി. ഡി. എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. വിനീത.പി | വി.ഇ.ഒ | 01-04-2021 | 08-10-2021 |
| ദയാകലൻ | വി.ഇ.ഒ | 08-11-2021 | 31-03-2022 |
| അഞ്ജന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 29-11-2021 |
| വിഷ്ണുരാജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-12-2021 | 31-03-2022 |
| ശ്രീമതി. ആര്യ രാജ് | അസി.എഞ്ചിനീയർ | 01-04-2021 | 15-04-2021 |
| വിൻസി വിജയൻ | അസി.എഞ്ചിനീയർ (അഡി.ചാർജ്ജ്) | 17-04-2021 | 29-06-2021 |

| | | | |
|---|---|---|---|
| അഞ്ജലി ടി പി | അസി.എഞ്ചിനീയർ | 30-06-2021 | 24-12-2021 |
| ഷിജിത്ത് എ | അസി.എഞ്ചിനീയർ (അഡി.ചാർജ്ജ്) | 25-12-2021 | 16-01-2022 |
| ശുഭ പി | അസി.എഞ്ചിനീയർ | 17-01-2022 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | വാർഷിക കണക്കിലെ അപാകതകൾ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | തൊഴിൽ നികുതി - അപാകതകൾ | 1-11 |
| 12 | ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 1-12 |
| 13 | വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ | 1-13 |
| 14 | അനധികൃത നിർമ്മാണത്തിനെതിരേ തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ഇല്ല | 1-14 |
| 15 | നിരസിച്ച ക്രമവത്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല | 1-15 |
| 16 | വാതിൽപ്പടി സേവനം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-16 |
| 17 | വെറ്ററിനറി ഡിസ്പെ**ൻ**സറിയിലേക്ക് പ്രിന്റ**ർ** വാങ്ങ**ൽ** - അപാകതക**ൾ** | 1-17 |
| 18 | വരൾച്ച സമയത്ത് കുടിവെള്ളവിതരണം - അപാകതകൾ | 1-18 |
| 19 | കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല. | 1-19 |
| 20 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - വാങ്ങിയ ലാപ് ടോപ്പ് നാളിതുവരെ ഉപയോഗിച്ചില്ല | 1-20 |
| 21 | മാലിന്യ നിർമ്മാർജന  പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ | 1-21 |
| 22 | അഗതിരഹിത കേരളം - പദ്ധതി നടത്തിപ്പ് - മോണിറ്ററിംഗ് ഫലപ്രദമല്ല | 1-22 |
| 23 | സ്പിൽ ഓവർ പ്രവൃത്തികൾ : തൻവർഷം യാതൊരു ചെലവുമില്ല | 1-23 |
| 24 | പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം : പിഴ ഈടാക്കിയില്ല | 1-24 |
| 25 | പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല | 1-25 |

| | | |
|---|---|---|
| 26 | ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല | 1-26 |
| 27 | സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല | 1-27 |
| 28 | പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച് | 1-28 |
| 29 | അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 22.03.2022 ലെ 1/1 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കി. 2021-22 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 10502525 |
| വരവ് | 262298516 |
| ആകെ | 272801041 |
| ചെലവ് | 267594605 |
| നീക്കിയിരിപ്പ് | 5206436 |

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 31.07.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 23179064 |
| ഓഡിറ്റ് വർഷത്തെ വരവ് | 82341712 |
| ആകെ | 105520776 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 81330978 |
| നീക്കിയിരിപ്പ് | 24189798 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം (A) | മുന്നിരിപ്പ് (B) | വരവ് (C) | ആകെ (D) | ചെലവ് (E) | ചെലവഴിക്കാത്ത തുക (F= D-E) |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (എ. സി. ആർ പ്രകാരം) | 0 | 18169477 | 18169477 | 18155399 | 14078 |
| വികസന ഫണ്ട് – എസ്.സി.പി (എ. സി. ആർ പ്രകാരം) | 0 | 1427334 | 1427334 | 1427334 | 0 |
| വികസന ഫണ്ട് – ടി.എസ്.പി (എ. സി. ആർ പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (എ. സി. ആർ പ്രകാരം) | 0 | 9777500 | 9777500 | 4632142 | 5145358 |
| മെയിന്റനൻസ്, നോൺ-റോഡ് (എ. സി. ആർ പ്രകാരം) | 0 | 7084594 | 7084594 | 2185359 | 48992335 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (ട്രഷറി മുഖേന) | 0 | 47548 | 47548 | 47548 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് ( PFMS മുഖേന) | 0 | 3717000 | 3717000 | 2396037 | 13209633 |
| സെൻട്രൽ | 0 | 5676633 | 5676633 | 2933106 | 2743527 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 0 | 5575000 | 2837135 | 2737865 | |

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചപ്പോൾ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വികസന ഫണ്ട്(ജനറൽ), എസ്.സി.പി, മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) എന്നീ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് കണ്ടു. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 113061782 | 110 | 48498598 | 61 | 10 | 60.77% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14121 | 848857 | 862978 | 861764 | 1214 |
| ഗുണഭോക്താക്കൾക്ക് നല്കുന്ന തുക | 0 | 43150738 | 43150738 | 43150738 | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1800 | 1 |
| കർഷക തൊഴിലാളി പെൻഷൻ | 5743200 | 363 |
| വിധവാ പെൻഷൻ | 24234600 | 1544 |
| വാർദ്ധക്യകാല പെൻഷൻ | 41268500 | 2857 |
| വികലാംഗ പെൻഷൻ | 7520800 | 477 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1232600 | 83 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994- ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-03-2023 ന് 4.00 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,65,182 രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 വാർഷിക കണക്കിലെ അപാകതകൾ

1. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിക്കാതെ 3,38,376/- രൂപ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു.

2. ബാലൻസ് ഷീറ്റ് B 7 ൽ ഉൾപ്പെട്ട 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – ചട്ടം 79, KFC Volume 1 Article – 282 പ്രകാരം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല.

3. ബാലൻസ് ഷീറ്റ് ബി-17 പ്രകാരം Canara OAP-90468 നമ്പറിലുള്ള അക്കൗണ്ടിൽ 1,60,689/- രൂപയുടെ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതെന്ന് വ്യക്തമാക്കേണ്ടതാണ്.

4. ഇ – ടെണ്ടർ മുഖേന ലഭിച്ച ടെണ്ടർ ഫോമുകളുടെ വില പഞ്ചായത്ത് ഫണ്ടിൽ വരവ് വെച്ചിട്ടില്ല.

5. അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

6. കെട്ടിടവാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം വാടക ഇനത്തിലെ തൻവർഷ വരവ് 6,33,144/- രൂപയാണ്. എന്നാൽ വാർഷിക കണക്ക് ഷെഡ്യൂൾ RP-43 പ്രകാരം ഇത് 4,58,927/- രൂപയാണ്. ഈ വ്യത്യാസം വിശദീകരിച്ചിട്ടില്ല.

7. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – ചട്ടം 62-4 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ സംഖ്യകൾ പൂർണ്ണരൂപയിലാണ് ഉൾപ്പെടുത്തേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ്- B-1 ലെ Excess Of Income Over Expenditure, B-9 ലെ Govt & Other Dues Payable - Library Cess എന്നിവ പൂർണ്ണരൂപയിൽ അല്ലാതെ ഉൾപ്പെടുത്തിയിട്ടുള്ളത്

അപാകതകൾ പരിഹരിച്ചത് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-10 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടു പോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നിലനിർത്തുന്നതിനായി ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി. ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് പെൻഷനുകൾ യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച ഫയലുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വി.ഇ.ഒ. യുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമല്ല. വാതിൽപ്പടി സേവനപദ്ധതിയുടെ രശീതി പുസ്തകങ്ങൾ സ്റ്റോക്കിൽ ചേർക്കാതായും ഇഷ്യു ചെയ്യാതെയും ഉപയോഗിക്കുന്നു.

അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യാപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പു വരുത്തിയിട്ടില്ല. തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

### 1) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | അനഘ മോൾ കെ. കെ. |
| 2 | എ. അബ്ദുള്ള കുഞ്ഞി |
| 3 | രാഘവൻ എൻ |
| 4 | പവിത്രൻ പി |

| | |
|---|---|
| 5 | വിപിൻ കുമാർ പി |
| 6 | സോമൻ കെ. ടി. കെ |
| 7 | മൊയ്തു കെ |
| 8 | സ്വേധിൻ ജെ. അശോക് |
| 9 | ബാലൻ പി. പി |
| 10 | അനന്ദൻ കെ |
| 11 | ടി. ടി. വി. മൊയ്തീൻ |
| 12 | കെ. ടി. കെ. ബാബു |
| 13 | ജിതേഷ് കെ |
| 14 | ഭാസ്കരൻ കെ. പി |
| 15 | സുരേഷ് |

ഓഡിറ്റ് കാലയളവിൽ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ലാത്ത എല്ലാ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

(2) ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പ്ലാനുകളിൽ സൂപ്പർവിഷൻ നടത്തിയ എൽ.ബി.എസ് മാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വരുമാനം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ ബിൽഡിംഗ് സൂപ്പർവൈസർമാ ർ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ ബിൽഡിംഗ് സൂപ്പർവൈസ ർ തൊഴിൽനികുതി പരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്. അപാകത സൂചിപ്പിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി നം. 19/21-22 തിയ്യതി 09.03.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽനികുതി ഒടുക്കാൻ ബാധ്യസ്ഥമായ കരാറുകാർ, എൽ.ബി.എസുമാർ എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമ ല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1) പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്.

വാണിജ്യ/വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 3,150 കെട്ടിടങ്ങളിൽ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 1,013 കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തി 799 സ്ഥാപനങ്ങൾക്ക് എഫ്.ടി.ഇ.എ&ഒ.എസ് ലൈസൻസ് അനുവദിക്കുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

വാർഡ് ക്ലാർക്കുമാർ ഫീൽഡ് പരിശോധന നടത്താത്തതിനാൽ പഞ്ചായത്ത് പരിധിയിൽ വാണിജ്യ / വ്യവസായാവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രം ലൈസൻസ് നൽകുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്യുന്നതിനാൽ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ കഴിഞ്ഞിട്ടില്ല.

അപാകത സൂചിപ്പിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (എൻക്വയറി നം. 20/21-22 തിയ്യതി. 09/03/2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കൃത്യമായ ഇടവേളകളിൽ ഫീൽഡ് പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വരവിനങ്ങളുടെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി നിർണ്ണയ ഫയൽ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതൾ ചുവടെ ചേർക്കുന്നു.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ കെട്ടിടത്തിന്റെ വിവിധ ഉപയോഗക്രമമനുസരിച്ച് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതിൽ 100 $M^2$ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 50/- രൂപയും, 100 $M^2$ ന് മുകളിൽ തറ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്രമീറ്ററിന് 60/- രൂപയുമാണ്. മേൽ ചട്ടത്തിലെ 3-ാം ചട്ടത്തിലെ ഉപചട്ടം 2, 5 എന്നിവ പ്രകാരം ഒരു പ്ലോട്ടിലെ പരസ്പരം ബന്ധപ്പെടുത്തി നിർമ്മിച്ച കെട്ടിടം, ഒരു കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾ ഒരേ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടം എന്നിവയെ ഒറ്റ കെട്ടിടമായി കണ്ട് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി കെട്ടിടത്തെ പല മുറികളായി തിരിച്ച് അടിസ്ഥാനനിരക്ക് വസ്തുനികുതി നിർണ്ണയിച്ചു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര്, മേൽവിലാസം | റെഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള / നികുതി ഈടാക്കിയ തറവിസ്തീർണ്ണം |
|---|---|---|
| 1 | സക്കീന വരിക്കൊളതിൽ, വില്ല്യാപ്പള്ളി | GF(EX) -104.25<br>F.F(EX) -14.13<br>PRO GF- 3.20<br>F.F -117.56<br>STAIR - 14.13<br>238. 35 |
| 2 | ജമാൽ, ഹൈറുന്നിസ, മുതാസ് | GF 447.89<br>F.F - 483.33<br>SF- 16.76 |

| | | |
|---|---|---|
| | | 947.98 |
| 3 | ഷൗക്കത്ത്, മയ്യന്നൂർ ഹൗസ് | GF - 261.49M2<br>F.F - 226.13<br>S.F – 175.21<br>662.83M2 |

മേൽ കെട്ടിടത്തിന്റെ പുന:സമർപ്പിച്ച പൂർത്തികരണ പ്ലാൻ/അധിക നിർമ്മാണ പ്ലാൻ പ്രകാരം 100 $M^2$ ന് വരെ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 50/- രൂപ എന്ന രീതിയിലാണ് കണക്കാക്കിയിട്ടുള്ളത്. ആയത് 100 $M^2$ ന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 60/- വരെ കണക്കാക്കാത്തതിനാൽ വസ്തുനികുതി ഇനത്തിലും, ഗ്രന്ഥശാലാവരി ഇനത്തിലും നഷ്ടമുണ്ടായിട്ടുണ്ട്. അപാകത ചൂണ്ടികാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/2021 -22 തീയതി - 09.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

2011 ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി ബാധകമായ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് നികുതിയിനത്തിൽ നഷ്ടം വന്ന തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതും വാണിജ്യകെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരവും യഥാർത്ഥത്തിൽ ബാധകമായ സ്റ്റേജ് പരിഗണിച്ചും നികുതി നിർണയിച്ചിട്ടുണ്ടെന്ന് സെക്രട്ടറിയും ഭരണസമിതിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-14 അനധികൃത നിർമ്മാണത്തിനെതിരേ തുടർനടപടി സ്വീകരിച്ചതിന്റെ വിവരം ഇല്ല

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ വ്യവസ്ഥകൾ ലംഘിച്ച് കൊണ്ട് വില്ല്യാപ്പള്ളി - ചേലക്കാട് റോഡിൽ ഗ്രാമപഞ്ചായത്ത് ഓഫീസിന് എതിർവശത്തായുള്ള സ്ഥലത്ത് എം.ജെ ഹോസ്പിറ്റൽ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കെട്ടിടം സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം സെക്രട്ടറി, മുസ്ലീം ജമാഅത്ത്, വില്ല്യാപ്പള്ളി എന്നിവരുടെ ഉടസ്ഥതയിലുള്ളതാണ്. മേൽ ഹോസ്പിറ്റലിലെ 4/586, 587, 588 എന്നീ കെട്ടിടങ്ങളിൽ നടന്ന അനധികൃത നിർമ്മാണത്തെക്കുറിച്ച് പരാതി ലഭിക്കുകയും പ്രസ്തുത പരാതിയിൽ ഓവർസീയറുടെ അന്വേഷണ റിപ്പോർട്ട് ലഭ്യമാവുകയും ചെയ്തിട്ടുണ്ട് (15/01/2021). ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് അനധികൃത കെട്ടിട നിർമ്മാണം പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് ബി.3 – 5288/20, 26.08.2021 കത്ത് പ്രകാരം വ്യക്തമാകുന്നുണ്ട്. എന്നാൽ തുടർനടപടികളുടെ വിവരവും പരാതി ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ പ്രതിപാദിച്ച ഫയലുകളുടെ നിലവിലെ സ്ഥിതി വിവരങ്ങളും തുടർനടപടികളും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2021-22 തീയതി - 09.03.23) മറുപടി ലഭ്യമാക്കിയിട്ടില്ല. അനധികൃത കെട്ടിട നിർമ്മാണം പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-15 നിരസിച്ച ക്രമവത്കരണ അപേക്ഷകളിന്മേൽ തുടർനടപടികൾ സ്വീകരിച്ചില്ല

2021-22 വർഷത്തെ കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന്/പെർമിറ്റിന് വേണ്ടി ലഭ്യമായ അപേക്ഷകൾ വിവിധ അപാകതകൾ ചൂണ്ടിക്കാണിച്ച് നിരസിക്കുകയോ തുടർ നടപടികൾ സ്വീകരിക്കാതെ തുടരുകയോ ചെയ്യുന്നതായി കാണുന്നു. പാർപ്പിടേതര കെട്ടിടങ്ങളെ സംബന്ധിച്ച ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നം. അപേക്ഷകന്റെ പേര് | കെട്ടിടത്തിന്റെ തരം/ബിൽഡ് അപ് ഏരിയ | അപാകത |
|---|---|---|---|
| 1 | എ3- 5158/21/28/7/21 ശ്രീ. അമ്മദ് വട്ടപൊയിൽ വില്ല്യാപ്പള്ളി | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം - Built Up Area- 273.15 $M^2$ | .ആധാരത്തിലും, കൈവശാവകാശ രേഖയിലും സ്ഥല വിസ്തീർണ്ണത്തിൽ വ്യത്യാസം. 2.Front Yard , Setback ലഭ്യമല്ല. 3.പാർക്കിംഗ് പ്ലാനിലെ അപാകത 10.11.21 തിയ്യതിയിൽ റിട്ടേൺ ചെയ്തു |
| 2 | എ3- 5158/21/28/7/21 ശ്രീ. നിധീഷ് കരിങ്കീരിതാഴെകുനിയിൽ | വാണിജ്യാവശ്യ ത്തിനുള്ള കെട്ടിടം - Built Up Area- 1912,40 $M^2$ | ഫയർ എൻ .ഒ.സി ഇല്ല. എഞ്ചിനീയർ സർട്ടിഫിക്കറ്റ് ലേറ്റസ്റ്റ് റിന്യൂ സർട്ടിഫിക്കറ്റ് ഇല്ല. സ്ഥലത്തിന്റെ തെക്ക് ഭാഗത്ത് വിനിയോഗം, ഉടമസ്ഥത വ്യക്തമാക്കിയിട്ടില്ല. 02/06/2022 ന് റിട്ടേൺ ചെയ്തു. |
| 3 | ഡോ. ഇടരീസ് & മൻസൂർ ഹാജി, ദയ റീഹാബിലിറ്റേഷൻ സെന്റർ | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം + ലോഡ്ജിംഗ് Built Up Area- 996.48 $M^2$ | KPB Rule No: 37 പട്ടിക 3.2 പാലിക്കുന്നില്ല. 21/10/2019ന് റിട്ടേൺ ചെയ്തു. |

അപാകതകൾ സംബന്ധിച്ച നോട്ടീസ് പുറപ്പെടുവിച്ച ശേഷം തുടർ നടപടികൾ

സ്വീകരിക്കുന്നതിലുണ്ടാകുന്ന വീഴ്ച മൂലം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള കെട്ടിട നിർമ്മാണ നിയന്ത്രണ ചുമതല നിർവ്വഹിക്കുന്നതിന് സ്ഥാപനത്തിന് സാധിക്കാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/21-22/08.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

ചട്ടവിരുദ്ധമായും അശാസ്ത്രീയമായും നിർമ്മിച്ച ഇത്തരം കെട്ടിടങ്ങൾ ഉടമകൾ ഉപയോഗപ്പെടുത്തുന്നുണ്ടോയെന്ന് സ്ഥലപരിശോധന നടത്തി ഉറപ്പ് വരുത്തേണ്ടതാണ്. അനധികൃത നിർമ്മാണങ്ങളെ നിരീക്ഷിക്കുന്നതിന് സഹായകമാകുന്ന വിധത്തിൽ സ്ഥാപനത്തിൽ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം ഒരുക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച് നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കേണ്ടതാണ്.

ഇത്തരം കെട്ടിടങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ രേഖപ്പെടുത്തി 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, റഗുലറൈസേഷൻ പ്ലാൻ പ്രകാരമുള്ള നിർമ്മാണത്തിൽ സെക്ഷൻ 235 ഡബ്ല്യു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും U/A നമ്പർ നൽകി പിഴ നിരക്കിൽ വസ്തുനികുതി ഈടാക്കുകയും ചെയ്യേണ്ടതാണ്. മറ്റ് അപേക്ഷകളിൽ കെട്ടിടങ്ങളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിനായി അദാലത്ത് നടത്തുന്നത് അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് സഹായകമാവും. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-16 വാതിൽപ്പടി സേവനം - സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയാലും മറ്റു പ്രശ്നങ്ങളാലും അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾക്കും വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവനപദ്ധതിയുടെ നിർവഹണത്തിനാവശ്യ മായ മാർഗ്ഗനിർദ്ദേശങ്ങൾ 31.05.2021 ലെ സ.ഉ.(സാധാ) നം. 1066/2021 /ത.സ്വ.ഭ.വ പ്രകാരവും അധിക മാർഗ്ഗനിർദ്ദേശങ്ങൾ 24.08.2021 ലെ സ.ഉ.(സാധാ) നം. 1607/2021/ ത.സ്വ.ഭ.വ പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് പ്രകാരം വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ചെയർപേഴ്സൺ/കമ്മിറ്റി കോ-ഓർഡിനേറ്ററുടെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. വ്യക്തികളിൽ നിന്നുള്ള സംഭാവന, സി.എസ്.ആർ, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം സ്വരൂപിക്കുന്നതിന് മേൽ ഉത്തരവിന്റെ അനുബന്ധം 1 ലെ രസീത് മാതൃക ഉപയോഗപ്പെടുത്തി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രസീത് അച്ചടിക്കേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ സ്വീകരിക്കുന്ന തുക, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി ദുരിതാശ്വാസനിധി അക്കൗണ്ട് ചെയ്യുന്ന രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ഗ്രാമപഞ്ചായത്തിലേക്ക് ലഭിച്ച രശീത് ബുക്ക് നമ്പർ 3086 ലെ ഒന്നാം നമ്പർ രശീതി പ്രകാരം 3.9.2022 ന് വാതിൽപ്പടി സേവനത്തിനായി 500 രൂപ കളക്ഷൻ നടത്തിയിട്ടുണ്ട്. ഈ തുക വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, വി. ഇ. ഒ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൗണ്ടിലാണ് (നം. 110047070806, കാനറാ ബാങ്ക്, വില്ല്യാപ്പള്ളി ശാഖ) നിക്ഷേപിച്ചിട്ടുള്ളത്. ഈ അക്കൗണ്ടിൽ 17.10.2022 ന് 500 രൂപ നീക്കിയിരിപ്പുണ്ട്.

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയ രശീത് ബുക്കുകളുടെ എണ്ണം, വാങ്ങിയ തീയതി, വൗച്ചർ നമ്പർ എന്നിവയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് ലഭിച്ച രശീത് ബുക്ക് നമ്പർ 3086 സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയാണ് കളക്ഷന് നൽകിയിരിക്കുന്നത്.

6.3.2023 ന് നടത്തിയ ഭൗതിക പരിശോധനയിൽ വാതിൽപ്പടി സേവനപദ്ധതിക്കായി ലഭിച്ച ഉപയോഗിക്കാത്ത രശീത് ബുക്ക് നമ്പർ 3087, 3088, 3089, 3090 എന്നിവ കണ്ടെത്തി. സ്റ്റോക്ക് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്താത്തതിനാൽ ഈ പദ്ധതിക്കായി എത്ര രശീത് ബുക്കുകൾ ലഭിച്ചെന്ന കൃത്യമായ കണക്കുകൾ ഗ്രാമപഞ്ചായത്തിൽ ഇല്ല.

സർക്കാർ ഉത്തരവ് പ്രകാരം, തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ പ്രത്യേക ഫണ്ടായി, ദുരിതാശ്വാസ നിധി അക്കൗണ്ട് ചെയ്യുന്ന അതേ രീതിയിൽ, ഈ ഫണ്ട് സൂക്ഷിക്കേണ്ടതുള്ളതിനാൽ വാതിൽപ്പടി സേവനപദ്ധതിയ്ക്കായി കാനറാ ബാങ്കിൽ നിലവിലുള്ള 110047070806 നമ്പർ അക്കൗണ്ട് ക്ലോസ് ചെയ്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരിൽ ഒരു പുതിയ സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും 110047070806 നമ്പർ അക്കൗണ്ടിലെ നീക്കിയിരിപ്പ് ഈ പുതിയ സംയുക്ത അക്കൗണ്ടിലേക്ക് മാറ്റേണ്ടതുമാണ്. കൂടാതെ ഈ പുതിയ സംയുക്ത അക്കൗണ്ടിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. വാതിൽപ്പടി സേവനപദ്ധതിയുടെ കോ – ഓർഡിനേറ്ററായ വി. ഇ. ഒ അപേക്ഷിക്കുന്നതനുസരിച്ച് ഈ അക്കൗണ്ടിൽ നിന്ന് ആവശ്യത്തിനുള്ള ഫണ്ട് അനുവദിക്കാവുന്നതുമാണ്.

മേൽ വിഷയത്തിൽ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണെന്നും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വാങ്ങിയ രശീത് ബുക്കുകൾ സ്റ്റോക്കിൽ എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 3/2021-22 തീയതി 6.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ചൂണ്ടിക്കാണിച്ച വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും രശീത് ബുക്കുകൾ സ്റ്റോക്കിൽ എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-17 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് പ്രിന്റർ വാങ്ങൽ - അപാകതകൾ

2021-22 വർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ പദ്ധതി പ്രകാരം (184/22) ഡിസ്പെൻസറിയിലേക്ക് പ്രിന്റർ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ. ടി മിഷന് 20,018/- രൂപ (തനത് ഫണ്ട്) 26.1.2022 ന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും നാളിതുവരെ ഐ. ടി മിഷൻ പ്രിന്റർ ലഭ്യമാക്കിയിട്ടില്ല.

2. ഐ. ടി മിഷന് തുക ലഭിച്ചത് സംബന്ധിച്ച് യാതൊരുവിധ രേഖയും ഫയലിൽ ഇല്ല.

3. പ്രിന്റർ നാളിതുവരെ ലഭിക്കാതിരുന്നിട്ടും യാതൊരുവിധ അന്വേഷണവും വെറ്ററിനറി സർജൻ നടത്തിയതായി കാണുന്നില്ല.

4. പ്രിന്ററിന് എന്നു മുതലാണ് വാറണ്ടി ലഭിക്കുക എന്ന കാര്യം വെറ്ററിനറി സർജൻ അന്വേഷിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും പ്രിന്റർ ലഭ്യമാക്കി അറിയിക്കേണ്ടതുമാണ് .

## 1-18 വരൾച്ച സമയത്ത് കുടിവെള്ളവിതരണം - അപാകതകൾ

2021-22 വർഷത്തെ പ്രൊജക്ട് നമ്പർ 179/22 പ്രകാരം 2,33,027/- രൂപ ചെലവഴിച്ച് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള സ്രോതസ്സിൽ നിന്ന് ശേഖരിച്ച വെള്ളത്തിന്റെ 23/04/2021 ലെ ഗുണനിലവാര റിപ്പോർട്ട് പ്രകാരം The Water Sample Tested Contains Coliform Bacteria. E- Coli Group Of Bacteria Is Absent, PH Is Below The Acceptable Limit.

2. കുടിവെള്ളം കുടിക്കുവാൻ അനുവദനീയമായ പരിധിയിൽപ്പെട്ടതല്ലെന്ന് കാണിച്ച് നൽകിയ റിപ്പോർട്ട് വാങ്ങി ഫയലിൽ സൂക്ഷിച്ചതല്ലാതെ പഞ്ചായത്ത് അധികൃതർ കുടിവെള്ളം ഉപയോഗയോഗ്യമല്ലാത്തത് സംബന്ധിച്ച് യതൊരു തുടർനടപടികളും സ്വീകരിച്ചതായി കാണുന്നില്ല. കുടിവെള്ളം ഏതു വിധേന ഉപയോഗയോഗ്യമാക്കണം എന്നത് സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്തിൽ നൽകിയതായും കാണുന്നില്ല.

3. കുടിവെള്ളം ഉപയോഗയോഗ്യമല്ല എന്ന റിപ്പോർട്ട് ലഭിച്ചിട്ടും കരാറുകാരന്റെ (രാജീവൻ ടി. എം) അതേ സ്രോതസ്സിൽ നിന്നുള്ള കുടിവെള്ളം തന്നെ വിതരണത്തിനായി അനുവദിച്ചത് ഗുരുതരമായ വീഴ്ചയാണ്. ആയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

4. കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന വാഹനം, കുടിവെള്ള ടാങ്ക് എന്നിവ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തി റിപ്പോർട്ട് ഹാജരക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-19 കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വരിസംഖ്യ നൽകുന്നു - ഗ്രാമ പഞ്ചായത്തിന് പ്രയോജനമൊന്നും ലഭിക്കുന്നില്ല.

കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിക്ക് വാർഷിക വരിസംഖ്യയായി 2,000 രൂപ നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലും കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയുടെ 3.4.2021 തീയതിയിലെ ബി-231/2021 നമ്പർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് കേരള റൂറൽ എംപ്ലോയ്മെന്റ് ആന്റ് വെൽഫെയർ സൊസൈറ്റിയിൽ വാർഷിക വരിസംഖ്യ, കുടിശ്ശിക വരിസംഖ്യ എന്നീ ഇനങ്ങളിൽ ഓഡിറ്റ് വർഷം താഴെ പറയും പ്രകാരം 4,000 രൂപ അടവാക്കിയിട്ടുണ്ട്.

| തുക | ഇനം | വൗച്ചർ നമ്പർ, തീയതി | ചെക്ക് നമ്പർ, തീയതി |
|---|---|---|---|
| 4,000 | 2020-21 വർഷത്തെ കുടിശ്ശിക വരിസംഖ്യ, 2021-22 വർഷത്തെ വാർഷിക വരിസംഖ്യ | 22100324, 5.8.2021 | 211402, 3.8.2021 |

ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കും ഡയറക്ടർ ബോർഡിലേക്കും ഉള്ള ഗ്രാമ പഞ്ചായത്തുകളുടെ പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വാർഷിക വരിസംഖ്യ അടച്ച പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് മാത്രമാണ് മൽസരിക്കാൻ കഴിയുക എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ നിന്നും ജനപ്രതിനിധികളാരും തന്നെ നാളിതുവരെ ക്രൂസിന്റെ ജനറൽ കൗൺസിലിലേക്കോ ഡയറക്ടർ ബോർഡിലേക്കോ മൽസരിച്ചിട്ടില്ല. കൂടാതെ വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് ഇപ്പോൾ ക്രൂസിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങുകയോ തെരുവ് വിളക്കുകളുടെ സ്ഥാപനത്തിലോ പരിപാലനത്തിലോ ക്രൂസിന്റെ സേവനം ആവശ്യപ്പെടുകയോ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നുമില്ല. ഈ സാഹചര്യത്തിൽ ക്രൂസിന് വാർഷിക വരിസംഖ്യയായി എല്ലാ വർഷവും 2,000 രൂപ നൽകുന്നതു കൊണ്ട് ഗ്രാമപഞ്ചായത്തിന് യാതൊരു പ്രയോജനവും ഉണ്ടാവുന്നില്ല. ഈ സാഹചര്യത്തിൽ ഈ വരിസംഖ്യയിനത്തിൽ തുടർന്നും തുക നൽകുന്നത് സംബന്ധിച്ച് ഭരണസമിതിയ്ക്ക് പുന:രാലോചിക്കാവുന്നതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 2/2021-22 തീയതി 6.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കേണ്ടതാണ്.

1-20 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - വാങ്ങിയ ലാപ് ടോപ്പ് നാളിതുവരെ ഉപയോഗിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്. 229/21-22 |
| പ്രോജക്ട് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| വകയിരുത്തിയ തുക | വികസന ഫണ്ട് - 2,04,900രൂപ |
| ചെലവഴിച്ച തുക | 2,04,900രൂപ - ബിൽ നമ്പർ 237 തീയതി 21.3.2022 |

ഹരിതകേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം സോഫ്റ്റ്വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ/പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിക്ക് 21.10.2020 ലെ സ. ഉ. സാധാ. 1967/2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിരുന്നു.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മസേനകൾക്ക് സ്മാർട്ട് ഫോൺ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ്പ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവീസ് ചാർജ്ജ് നൽകുന്നതിനും 18.11.2021 ലെ സ. ഉ. സാധാ. 2307/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്നും മേൽ പ്രോജക്ട് പ്രകാരം 50,000 രൂപ ചെലവഴിച്ച് 21.3.2022 ന് ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്.

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് തീയതി വരെ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കിത്തുടങ്ങിയിട്ടില്ല. ഈ സാഹചര്യത്തിൽ 50,000 രൂപ ചെലവഴിച്ച് 21.3.2022 ന് വാങ്ങിയ ലാപ്ടോപ്പ് നാളിതുവരെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കിത്തുടങ്ങുന്നതിന് മുമ്പ് തന്നെ ലാപ്ടോപ്പ് വാങ്ങിയതിനും വാങ്ങിയ ലാപ്ടോപ്പ് നാളിതുവരെ ഉപയോഗപ്പെടുത്താത്തതിനും വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 1/2021-22 തീയതി 6.3.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം അടിയന്തിരമായി നടപ്പാക്കേണ്ടതും ഇതിനായി വാങ്ങിയ ലാപ്ടോപ്പ് ഇതേ ആവശ്യത്തിന് തന്നെ ഉപയോഗപ്പെടുത്തേണ്ടതുമാണ്.

1-21 മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മപരിപാടിക്ക് സ.ഉ(കൈ)നം. 159/2016/തസ്വഭവ തീയതി

06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരന്മാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ്യ ലക്ഷ്യം. ആയതിലേയ്ക്കായി പൗരന്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/തസ്വഭവ തീയതി 16.04.2021, സ.ഉ(ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവ്വ കളും പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവ് തുക |
|---|---|---|---|---|
| 1 | എം. സി. എഫിൽ മാലിന്യങ്ങൾ എത്തിക്കുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തൽ | വി. ഇ. ഒ | 2,00,000 | 63,600 |
| 2 | ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | വി. ഇ. ഒ | 2,00,000 | 1,00,000 |
| 3 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം | സെക്രട്ടറി | 2,04,900 | 2,04,900 |
| 4 | ഹരിത കർമ്മസേനക്ക് ഉപകരണങ്ങൾ വാങ്ങൽ | വി. ഇ. ഒ | 1,35,735 | 74,600 |
| 5 | എം. സി. എഫി ലേക്ക് പ്ലാസ്റ്റിക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ | വി. ഇ. ഒ | 4,98,000 | - |
| 6 | എം. സി. എഫി ലേക്ക് ഓഫീസ് | വി. ഇ. ഒ | 72,600 | - |

| | | | | |
|---|---|---|---|---|
| | ഉപകരണങ്ങൾ വാങ്ങൽ | | | |
| 7 | ക്ലീൻ കേരള കമ്പനിക്ക് തുക നൽകൽ | വി. ഇ. ഒ | 4,50,00 | - |
| 8 | പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ എം. സി. എഫിൽ എത്തിക്കുന്നതിന് വാഹന വാടക | വി. ഇ. ഒ | 50,000 | 47,600 |

മേൽ പ്രകാരമുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കിയതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) അജൈവ മാലിന്യം ശേഖരിക്കൽ , കയറ്റി അയയ്ക്കൽ - അപാകതകൾ

മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുമായി കരാർ വെച്ച സ്ഥാപനങ്ങളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | കരാർ തീയതി | നിരക്ക് / കി. ഗ്രാം ( രൂപയിൽ ) |
|---|---|---|---|
| 1 | ക്ലീൻ കേരള കമ്പനി | 2.11.2020 | 11.80 |
| 2 | നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് | 29.6.2022 | 6.50 |

അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി ഗ്രാമപഞ്ചായത്ത് 2.11.2020 ന് കരാറിൽ ഏർപ്പെട്ടിരുന്നുവെങ്കിലും ഗ്രാമപഞ്ചായത്ത് രേഖാമൂലം ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും മുഴുവൻ അജൈവ മാലിന്യങ്ങളും ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനി തയ്യാറായിട്ടില്ല. ഈ സാഹചര്യത്തിൽ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ് എന്ന സ്ഥാപനവുമായി 29.6.2022 ന് പുതിയതായി കരാറിൽ ഏർപ്പെടുകയായിരുന്നു.

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിൽ നിന്നും ക്ലീൻ കേരള കമ്പനി വഴി കയറ്റി അയച്ച അജൈവ മാലിന്യങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാലിന്യം കയറ്റി അയച്ച തീയതി | തൂക്കം (കി. ഗ്രാം ) | ഇനം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 31.5.2021 മുതൽ 19.6.2021 വരെ | 32,860 | തരം തിരിക്കാത്തവ |
| 2 | 18.1.2022 മുതൽ 21.3.2022 വരെ | 32,380 | തരം തിരിക്കാത്തവ |
| | ആകെ | 65,240 | |

മേൽ പ്രകാരം അജൈവ മാലിന്യങ്ങൾ കൊണ്ടുപോയതിന് ക്ലീൻ കേരള കമ്പനി താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം തുക ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ തുക നാളിതുവരെ നൽകിയിട്ടില്ല.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ, തീയതി | മാലിന്യത്തിന്റെ തൂക്കം ( കി. ഗ്രാം ) | നിരക്ക് (കി. ഗ്രാം ) | നൽകേണ്ട തുക | നൽകിയ തുക |
|---|---|---|---|---|---|
| 1 | D22/SER 21-22/277 തീയതി 8.10.2021 | 32,860 | 11.80 | 3,87,748 | - |
| 2 | D23/SER 21-22/66 തീയതി 11.3.2022 | 32,380 | 11.80 | 3,82,084 | - |

മേൽ പ്രകാരം ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും മാലിന്യം കയറ്റി അയച്ചതിൽ വന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് തൂക്കമെടുത്ത് വാഹനങ്ങളിൽ കൊണ്ടു പോകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നത് എങ്ങനെയാണെന്നും എവിടെ വെച്ചാണെന്നും ഉള്ള വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. കരാർ ഏറ്റെടുത്ത ക്ലീൻ കേരള കമ്പനി മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആയതിന്റെ രേഖകൾ സൂക്ഷിക്കുന്നതിനും ഗ്രാമപഞ്ചായത്തിൽ സംവിധാനമില്ലാത്തത് വീഴ്ചയാണ്. മാലിന്യങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിന് കരാർ ഏറ്റെടുത്ത മേൽ സ്ഥാപനത്തിന് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനമുണ്ടോ എന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പ് വരുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തുമായി ഉണ്ടാക്കിയ കരാറിൽ സ്വന്തം ഉത്തരവാദിത്തത്തിൽ മാലിന്യ സംസ്കരണം നടത്തുമെന്ന് ക്ലീൻ കേരള കമ്പനി പറയുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് കയറ്റി അയക്കുന്ന അളവ് മാലിന്യങ്ങൾ ഈ സ്ഥാപനത്തിൽ സംസ്കരിച്ചതിന്റെ ആധികാരിക രേഖ പരിശോധനയ്ക്ക് ആവശ്യപ്പെടേണ്ടതാണ്.

2) ഹരിത കർമ്മസേനയുടെ പ്രവർത്തനം

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ആയതു പ്രകാരം ശുചിത്വ മാലിന്യ സംസ്കരണത്തിനായി ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും അവർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതുമാണ്. അവർ കഴുകി വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കേണ്ടതാണ്. ആയതിന് വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതും അവ സൂക്ഷിക്കുന്നതിനായി വാർഡ്തലത്തിൽ മിനി എം.സി.എഫുകളും പഞ്ചായത്തിൽ എം.സി.എഫും സ്ഥാപിക്കുക, ഹരിതകർമ്മസേനയ്ക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, തിരിച്ചറിയൽ കാർഡ്, യൂണിഫോം എന്നിവ

നൽകേണ്ടത് പഞ്ചായത്തിന്റെയും കുടുംബശ്രീ മിഷന്റെയും ഉത്തരവാദിത്തമാണ്.

ഗ്രാമപഞ്ചായത്തിൽ 2018 - ൽ 19 പേരടങ്ങുന്ന ഹരിത കർമ്മസേനയാണ് രൂപീകരിച്ചിട്ടുള്ളത്. നിലവിൽ 21 പേർ ഹരിതകർമ്മസേനയിൽ പ്രവർത്തിച്ചു വരുന്നു. രൂക്ഷമായ കോവിഡിനു ശേഷം മാലിന്യ ശേഖരണം പുനരാരംഭിച്ചെങ്കിലും 2021-22 വർഷം ഹരിത കർമ്മസേനക്ക് വളരെ കുറഞ്ഞ കളക്ഷൻ മാത്രമാണ് ലഭിച്ചത്. 2021- 22 വർഷം വരുമാനം തീരെ കുറഞ്ഞ് പ്രവർത്തനം മുമ്പോട്ട് കൊണ്ടു പോകാൻ കഴിയാതെ വന്ന സാഹചര്യത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് പ്രകാരം 1,00,000 രൂപ ഹരിത കർമ്മസേനക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ടിനത്തിൽ അനുവദിച്ചിട്ടുണ്ട്. വീടുകളിൽ കയറിയുള്ള അജൈവ മാലിന്യം ശേഖരിക്കൽ പൂർണ്ണതോതിൽ നടത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ ഹരിത കർമ്മസേനയ്ക്ക് സ്വന്തം വരുമാനത്തിൽ നിന്ന് ചെലവുകൾ നടത്താൻ കഴിയുന്ന സാഹചര്യം ഉണ്ടാവുകയുള്ളൂ.

ഹരിത കർമ്മസേനയ്ക്ക് വീടുകളിൽ കയറിയുള്ള അജൈവ മാലിന്യ ശേഖരണം നടത്തുന്നതിന് അനിവാര്യമായ വാഹന സൗകര്യം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ആയതിനായി ഓഡിറ്റ് വർഷം പ്രോജക്ട് രൂപീകരിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ ഈ ആവശ്യത്തിനായി പ്രോജക്ട് നടപ്പിലാക്കി ഹരിത കർമ്മസേനയ്ക്ക് അടിയന്തിരമായി വാഹന സൗകര്യം ഒരുക്കിക്കൊടുക്കേണ്ടതുണ്ട്.

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റിസൈക്ലിംഗ് മേഖലയ്ക്ക് കൈമാറ്റം ചെയ്യലും നടത്തുക വഴി 5 വർഷം കൊണ്ട് മാതൃകാപരമായി മാലിന്യമുക്തമാകേണ്ടതുണ്ട്. കൂടാതെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ആവർത്തന ചെലവുകൾ ഏറ്റവും കുറഞ്ഞ തോതിൽ മാത്രമേ തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്ന് നടത്താവൂ എന്ന സമീപനവും സ്വീകരിക്കേണ്ടതുണ്ട്. ആയതിനായി നടപടികൾ സ്വീകരിക്കേണ്ടതും മേൽ അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 4/2021-22 തീയതി 6.3.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് പൗരന്മാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക വഴി അജൈവ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറച്ചുകൊണ്ടുവരിക, ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിക്കുക, ഹരിത കർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിച്ചും എം.സി.എഫിൽ അടിസ്ഥാന സൗകര്യമൊരുക്കിയും മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

1-22 അഗതിരഹിത കേരളം - പദ്ധതി നടത്തിപ്പ് - മോണിറ്ററിംഗ് ഫലപ്രദമല്ല

സ.ഉ. (എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ പുറപ്പെടുവിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റിൽ പഞ്ചായത്തിൽ വളരെ ക്ലേശമനുഭവിക്കുന്ന 133 അഗതി കുടുംബങ്ങളാണുള്ളത്. പഞ്ചായത്തിലെ അഗതികളായ മുഴുവൻ ആളുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും അവർക്ക് ആവശ്യമായ ഭക്ഷണം, ഭൂമി, വീട്, ചികിത്സ, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾക്കും തൊഴിൽ പരിശീലനത്തിനുമുള്ള ഫണ്ട് വകയിരുത്തി അവ ഒരുക്കി കൊടുത്ത് അവരെ മൂന്ന് വർഷം കൊണ്ട് (2021-22 കാലയളവിനുള്ളിൽ) സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെയും കുടുംബശ്രീമിഷന്റെയും ഉത്തരവാദിത്തമാണ്.

പദ്ധതി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 09.03.2019- ലെ കെ.എസ്/എൽ/513/2019 ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾക്ക് ഭക്ഷണം, വീട്, ചികിത്സ, ഭൂമി, വസ്ത്രം, ഭവന പുനരുദ്ധാരണം, മെഡിക്കൽ ക്യാമ്പ് എന്നീ ഇനങ്ങളിലായി 82,98,000/- രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചത്. മേൽ ഉത്തരവ് പ്രകാരം ചലഞ്ച് ഫണ്ടിന്റെ (40 %- ന്റെ) ഒന്നാം ഗഡുവായി 8,44,339/- രൂപ അനുവദിക്കുകയും ആയത് സി.ഡി.എസ് ന്റെ അക്കൗണ്ടിൽ വരവ് വെയ്ക്കുകയും ചെയ്തു. (കനറാ ബാങ്ക് വില്ല്യാപ്പള്ളി ശാഖയിലെ 0748101105480 -ാം നമ്പർ അക്കൗണ്ടിൽ) അഗതി കുടുംബങ്ങൾക്ക് ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കുന്നതിന് യഥാക്രമം 30,42,000/-, 1,66,500/-, 39,000/- രൂപ കുടുംബശ്രീ ചലഞ്ച് ഫണ്ടും വീട്, വീട് പുനരുദ്ധാരണം, ഭൂമി തുടങ്ങിയവയ്ക്കായി യഥാക്രമം 36,00,000/-, 11,00,000/-, 2,00,000/- രൂപ പദ്ധതി വിഹിതവുമാണ് വകയിരുത്തേണ്ടത്.

അഗതി - ആശ്രയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം |
|---|---|
| ഭക്ഷണം | 133 |
| മരുന്ന് | 63 |
| വസ്ത്രം | 05 |
| ഭവനം | 08 |
| വിദ്യാഭ്യാസം | 08 |
| കക്കൂസ് | 02 |
| ഭവനപുനരുദ്ധാരണം | 12 |

| | |
|---|---|
| വെള്ളം | 03 |

പദ്ധതി നടത്തിപ്പ് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. സ.ഉ. (എം.എസ്.) 252/2017/ത.സ്വ.ഭ.വ. തീയതി 12.12.2017 പ്രകാരം അഗതിരഹിത കേരളം പദ്ധതി മാർഗ്ഗരേഖ പ്രകാരം അഗതി ആശ്രയ പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ ചലഞ്ച് ഫണ്ട്, വികസന ഫണ്ട് എന്നിവ വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കേണ്ടത്. എന്നാൽ ചലഞ്ച് ഫണ്ട് ഉപയോഗിച്ച് ഭക്ഷ്യധാന്യങ്ങളുടെ വിതരണവും ചികിത്സാ ചെലവും മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. 2022 സെപ്തംബർ വരെയാണ് ഭക്ഷ്യധാന്യങ്ങൾ വിതരണം നടത്തിയിട്ടുള്ളത്. ഭക്ഷ്യവിതരണത്തിന് നിലവിൽ പണമില്ലാത്ത അവസ്ഥയാണ്.

2) <u>മുഴുവൻ ഗുണഭോക്താക്കൾക്കും വീട് നിർമ്മിച്ചു നൽകിയില്ല</u>

സി.ഡി.എസ് ഓഡിറ്റിന് ഹാജരാക്കിയ ലിസ്റ്റ് പ്രകാരം 8 പേർക്കായി 32,00,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. മേൽ ഗുണഭോക്താക്കളിൽ ഒരു ഗുണഭോക്താവിന് നിലവിലും വീട് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഭവനം ആവശ്യമുള്ള ഒരു ഗുണഭോക്താവ് തണൽ എന്ന റീഹാബിലേറ്റഷൻ സെന്ററിൽ ആണെന്നാണ് സി.ഡി.എസിൽ നിന്ന് ലഭ്യമായ വിവരം.

3) പദ്ധതി നടത്തിപ്പിലേക്കാവശ്യമായ നിർബന്ധിത ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതം (യഥാക്രമം 10%, 15%) തൻവർഷം ലഭ്യമായില്ല. കുടുംബശ്രീ ചലഞ്ച് ഫണ്ട് പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും ഇനി ലഭിക്കുവാനുള്ള മുഴുവൻ തുകയും കുടുംബശ്രീമിഷനിൽ നിന്ന് ലഭ്യമാക്കുന്നതിനും സി.ഡി.എസിൽ നിന്ന് (06/2022) ൽ കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഇതിനായി ഫണ്ട് ലഭ്യമായിട്ടില്ല.

4) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 5 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായിട്ടുള്ള ഉപസമിതി പദ്ധതി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ നിലവിലും മോണിറ്ററിംഗ് സമിതി ചേർന്നതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 04/2020-21/24.01.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

അഗതി കുടുംബങ്ങളുടെ സമഗ്രവികസനത്തിലൂടെ 2021-22 ആകുമ്പോഴേക്കും അഗതി രഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിയിൽ നാളിതുവരെ അഗതികളുടെ ഏറ്റവും അടിയന്തിര ആവശ്യങ്ങളായ അതിജീവനാവശ്യങ്ങൾ (ഭക്ഷണം, ചികിത്സ, വിദ്യാഭ്യാസം) നിറവേറ്റുന്നതിനു പോലും തുച്ഛമായ തുകയേ ചെലവഴിച്ചുള്ളൂ. (ആകെ അടങ്കലിന്റെ 18 %). കൂടാതെ നാല് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ചു നൽകിയിട്ടുമില്ല. അഗതികളുടെ സമഗ്ര വികസനത്തിനായി അതിജീവനാവശ്യങ്ങൾക്കായി ലഭ്യമായ കുടുംബശ്രീ ചലഞ്ച് ഫണ്ട് പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും ഇനി ലഭിക്കുവാനുള്ള മുഴുവൻ തുകയും കുടുംബശ്രീ മിഷനിൽ നിന്ന് ലഭ്യമാക്കി യഥാവിധി ഉപയോഗിക്കുന്നതിനും അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. കൂടാതെ വീട്, വീട് പുനരുദ്ധാരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായുള്ള പഞ്ചായത്ത് പ്ലാൻഫണ്ട് പൂർണ്ണമായും വകയിരുത്തി ഉപയോഗപ്പെടുത്തുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ കുടുബശ്രീ മിഷന്റെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ മോണിറ്ററിംഗ് സമിതിയുടെയും ഭാഗത്തുനിന്ന് കാര്യക്ഷമമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

<u>1-23 സ്പിൽ ഓവർ പ്രവൃത്തികൾ : തൻവർഷം യാതൊരു ചെലവുമില്ല</u>

സ്പിൽ ഓവർ പ്രൊജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മുൻകരുതൽ സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ ത.സ്വ.ഭ.വ തി. 29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 10.1(1) മുതൽ (4) വരെയുള്ള ഉപഖണ്ഡിക അനുസരിച്ച് മാർച്ച് 31 ന് നിർവ്വഹണം

പൂർത്തിയാകാത്ത പ്രൊജക്റ്റുകളുടെ നിലവിലെ അവസ്ഥ പരിശോധിച്ച് ഏതൊക്കെ പ്രൊജക്റ്റുകൾ തുടർന്ന് നടപ്പിലാക്കേണ്ടതുണ്ടെന്ന് ആദ്യം തീരുമാനിക്കണം. തുടർന്ന് നിർവ്വഹണ നടപടികൾ ആരംഭിക്കാത്ത പ്രൊജക്റ്റുകളിൽ നടപ്പിലാക്കേണ്ടതില്ലെന്ന് കണ്ടെത്തുന്നവ ഒഴിവാക്കുകയും ഭാഗികമായി പൂർത്തീകരിച്ച പ്രൊജക്റ്റുകളുടെ നിർവ്വഹണം പാഴ്ച്ചെലവ് വരാത്ത രീതിയിൽ അവസാനിപ്പിക്കാം. പിന്നീട് നിർബന്ധമായും തുടരേണ്ടതുണ്ടെന്ന് ഉറപ്പാക്കിയ പ്രൊജക്റ്റുകളാണ് സ്പിൽ ഓവറായി ഉൾപ്പെടുത്തേണ്ടത്. ഇങ്ങനെ വിവിധ ഘട്ടങ്ങളിലെ ഒഴിവാക്കലുകൾക്ക് ശേഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയ ചില പൊതു മരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു തുകയും ചെലവഴിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | വകയിരുത്തിയ തുക | വകയിരുത്തിയ ഫണ്ട് |
|---|---|---|---|---|
| 1 | 153/22 | ടേക്ക് എ ബ്രേക്ക് – ടൗൺ ടോയ്‌ലറ്റ് നവീകരണം | 8,00,000/- | സംസ്ഥാനാവിഷ്കൃത ഫണ്ട് |
| 2 | 167/22 | അങ്കണവാടികൾക്ക് കുടിവെള്ളം | 2,50,000/- | ധനകാര്യകമ്മീഷൻ അവാർഡ് |
| 3 | 168/22 | വരിക്കോളി അങ്കണവാടി എം.ജെ.വി.എച്ച്.എസ്.എസ് റോഡ് | 2,00,000/- | തനതു ഫണ്ട് |
| 4 | 162/22 | അമരാവതി – മേമുണ്ട റോഡ് റീ ടാറിംഗ് | 48,225/-, 7,51,775/- | തനതു ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 5 | 150/22 | കീഴൽ സബ്സെന്റർ ഇന്റർലോക്ക് പതിക്കൽ | 1,00,000/- | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| 6 | 152/22 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ മേൽക്കൂര മെയിന്റനൻസ് | 2,00,000/-, 3,00,000/- | തനതുഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (റോഡ്) |
| 7 | 165/22 | ഓട്ടിസം സെന്റർ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തൽ | 1,00,000/- | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |

| | | | | |
|---|---|---|---|---|
| | | | | |
| 8 | 166/22 | അങ്കണവാടികളുടെ മെയിന്റനൻസ് | 4,206/-, 5,60,794/- | തനതുഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |

മേൽ പറഞ്ഞ നടപടിക്രമങ്ങളിലൂടെ കൃത്യമായ സ്കൂട്ടിണി നടത്തി നടപ്പിലാക്കേണ്ട പ്രൊജക്ടുകൾ മാത്രം സ്പിൽ ഓവറായി ഉൾപ്പെടുത്തിയതിൽ 8 പൊതുമരാമത്ത് പ്രവൃത്തികളിൽ തൻവർഷം യാതൊരു ചെലവും ഇല്ലാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-24 പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം : പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% ത്തിൽ അധികരിക്കാതെ ദീർഘിപ്പിച്ചു നൽകാമെന്നു പറയുന്നു. സെക്ഷൻ 2112.1 അനുസരിച്ച് ഇങ്ങനെ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആദ്യ തവണ 1% വും തുടർന്നുള്ള ഒരു തവണ 2% വും മാക്സിമം 1,00,000/- രൂപ പിഴയായി ഈടാക്കേണ്ടതാണ്. അങ്ങനെയല്ലാത്തപക്ഷം സെക്ഷൻ 2116.1 പ്രകാരം ഓരോ ആഴ്ചയിലേക്കും 0.1% (പരമാവധി 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കി കരാർ റദ്ദ് ചെയ്യുകയും സെക്ഷൻ 2116.2, 2116.2.1 എന്നിവയിൽ പറയുന്ന നടപടികൾ കരാറുകാരനെതിരെ സ്വീകരിക്കേണ്ടതുമാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി സർക്കാർ ഉത്തരവു പ്രകാരം 6 മാസം കൂടി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ ചില പൊതുമരാമത്ത് പ്രവൃത്തികളിൽ കരാറുകാർ സമയപരിധി പാലിക്കാതെ അനിയന്ത്രിതമായി പ്രവൃത്തി നീട്ടിക്കൊണ്ടു പോയിട്ടും കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പിഴ ഈടാക്കാതെ സമയം ദീർഘിപ്പിച്ചു നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| | പ്രവൃത്തിയുടെ പേര്, പ്രൊജക്ട് നമ്പർ | എസ്റ്റിമേറ്റ് | കരാറുകാരൻ | ബിൽ/സാങ്ഷൻ ഓർഡർ നമ്പർ, തുക |
| 1 | പാതേരിചാൽ ലക്ഷംവീട് റോഡ് (157/22) | 2,50,000/- | കെ. എൽ. സി. സി. എസ് | 212/16-03-2022, 209,006/- |
| 2 | മുണ്ടോളി താഴ - വരിക്കോളി റോഡ് റീടാറിങ്ങ് (161/22) | 2,00,000/- | പി. പി. ബാലൻ | 170/24-02-2022, 198,875/- |
| 3 | അരക്കുളങ്ങര അങ്കണവാടി മെയിന്റനൻസ് | 7,00,000/- | സുജിത്ത് കെ | (1)54/18-10-2021, 67,205/-, |

| | | | | |
|---|---|---|---|---|
| | (132/22) | | | (2)67/14-09-2020,<br>491,739/-(2020-21ലെ ചെലവ്)<br>(ആകെ = 558,944/-) |

ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|
| | പ്രവൃത്തി | കരാർ തിയ്യതി | പൂർത്തീകരിക്കേണ്ട , കാലയളവ് തിയ്യതി | അധികരിച്ച 6 മാസം ചേർത്ത് പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി, അധികമെടുത്ത കാലയളവ് | ആദ്യ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ 1% (കാലയളവിന്റെ 25%) | തുടർന്നുള്ള ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ2% | ആകെ ദീർഘീകരണത്തിന് ഈടാക്കേണ്ട പിഴ (7+8) |
| 1 | പാതേരി ചാൽ ലക്ഷംവീട് റോഡ് (157/22) | 21.12.2016 | 180ദിവസം (17.09.2016) | ബാധകമല്ല | 29.07.2019 (1045 ദിവസം) | 2,500/- (45 ദിവസം) | 5,000/- | 7,500/- |
| 2 | മുണ്ടോളി താഴ – വരിക്കോളി റോഡ് റീടാറിങ്ങ് (161/22) | 24.06.2020 | 180 ദിവസം (21.12.2020) | 19.06.2021 | 10.02.2022 (254 ദിവസം) | 2,000/- (45 ദിവസം) | 4,000/- | 6,000/- |
| 3 | അരക്കുളങ്ങര അങ്കണവാടി മെയിന്റനൻസ് (132/22) | 25-06-2019 | 180 ദിവസം (22-12-2019) | 19.06.2020 | 05-.10.2020 (108 ദിവസം) | 7,000/- (45 ദിവസം) | 14,000/- | 21,000/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ആകെ | | | | | | | 34,500/- |

ടെണ്ടർ ചെയ്ത്, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ച് കാലാവധി കഴിഞ്ഞും പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആശാസ്യമല്ല. ഇത് ഗ്രാമപഞ്ചായത്തിന് കീഴിലെ ജനങ്ങൾക്ക് ഉപയുക്തമാവേണ്ട സേവനം യാതൊരു കാരണവുമില്ലാതെ നീട്ടി വെക്കപ്പെടുന്നതിനിടയാക്കുന്നു. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-25 പൊതു മരാമത്ത് പ്രവൃത്തികൾ : മോണിട്ടറിംഗ് ഫലപ്രദമല്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് 2021-22 ലെ വർക്കിംഗ് ഗ്രൂപ്പ് പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് 01-02-2021, 07-02-2021 എന്നീ തിയതികളിൽ യോഗം ചേരുകയുണ്ടായി. 2022-23 പ്രൊജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ഒരു തവണയാണ് മീറ്റിംഗ് ചേർന്നിട്ടുള്ളത്. 05-01-2022 നാണ് ഈ മീറ്റിംഗ് നടന്നത്. മേൽപ്പറഞ്ഞ ഈ മീറ്റിംഗിലൊന്നും തന്നെ 2021-22 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്) 11/2018/ ത.സ്വ.ഭ.വ തി. 29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 11.2(6) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. 13.1 അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. 13.2, 13.1 അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. 13.5 അനുസരിച്ച് പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധന സാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. ഗ്രാമപഞ്ചായത്ത് പൊതുമരാമത്ത് പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-26 ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല

സ്ഥാപനത്തിന്റെ അധികാര മേഖലയിൽപ്പെടുന്ന വിവിധ മേഖലകളിലെ വികസനാവശ്യങ്ങൾ നിറവേറ്റുന്നതിന് ഓഡിറ്റ് വർഷത്തിൽ മുൻ വർഷങ്ങളിലെ സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ ആകെ 81 പ്രൊജക്ടുകൾ പൊതുമരാമത്ത് മേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയിട്ടുണ്ട്. ഇവ നിർവ്വഹിക്കുന്നതിന് വിവിധ ഫണ്ടുകളിൽ നിന്നായി വകയിരുത്തിയ 3.91 കോടി രൂപയിൽ 1.23 കോടി രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവഴിക്കാനായത്. പൊതുമരാമത്ത് മേഖലയിലെ ചെലവു ശതമാനം കേവലം 45.67% മാത്രമാണ്. പൊതുമരാമത്ത് മേഖലയിൽ ഏറ്റെടുത്ത പ്രൊജക്ട് നടപ്പാക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. 81 പ്രൊജക്ടുകളിൽ 37 എണ്ണത്തിൽ മാത്രമാണ് ചെലവുള്ളത്. വകയിരുത്തിയതിൽ ഭീമമായ തുക വിനിയോഗിക്കാതെ സ്ഥാപനത്തിന് നഷ്ടപ്പെട്ടിരിക്കുകയാണ്. ഇങ്ങനെ പൊതുമരാമത്ത് മേഖലയിലെ ഭൂരിപക്ഷം പ്രൊജക്ടുകളും

നടപ്പിലാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

1-27 സെലക്ഷൻ നോട്ടീസ് അയച്ചതിന്റെ രേഖകളില്ല

വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ അംഗീകരിച്ച് കരാറുകാരനെ യഥാസമയം അറിയിക്കുന്നതിന്റെ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. സർക്കാർ ഉത്തരവ് (പി) നം. 13/2012 പി.ഡബ്ല്യൂ.ഡി തിയ്യതി 01-02-2012 നമ്പർ 2012 ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2011.3 പ്രകാരം ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) രജിസ്റ്റേഡ്/കൊറിയർ/ഇ-മെയിൽ ആയി കരാറുകാരന് നൽകണം. അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തിയ്യതി നോട്ടീസ് കൈപ്പറ്റിയ തിയ്യതിയായി കണക്കാക്കുന്നതാണ്. അടിയന്തിര ഘട്ടത്തിൽ ടെലഗ്രാം/SMS ആയും അറിയിപ്പ് നൽകാവുന്നതാണ് എങ്കിലും അതോടൊപ്പം തന്നെ പോസ്റ്റലായും അയക്കേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ടെണ്ടർ സ്വീകരിച്ചതിന് ശേഷം 7 ദിവസത്തിനകം സെലക്ഷൻ നോട്ടീസ് രജിസ്റ്റേഡ് ആയി കരാറുകാരന് നൽകിയതിന്റെ രേഖകൾ ഫയലിലില്ല. ആയവ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നമ്പർ 10) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

1-28 പഞ്ചായത്തിൽ ഗുണമേന്മയുള്ള റോഡുകൾ നിർമ്മിച്ചത് സംബന്ധിച്ച്

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ 2018-19 മുതലുള്ള അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള സ.ഉ.(കൈ)11/2018/തസ്വഭവ തിയ്യതി 29.01.2018 ഖണ്ഡിക 7.13.12 പ്രകാരം ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ തദ്ദേശ ഭരണ സ്ഥാപനവും ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടു കൂടി നിർമ്മിക്കാൻ പറയുന്നുണ്ട്. വില്ല്യാപ്പള്ളി ഗ്രാമപഞ്ചായത്ത് 2018-19 മുതൽ നാളിതുവരെ നടപ്പിലാക്കിയ വാർഷിക പദ്ധതികളിൽ 5 വർഷ ഗ്യാരന്റിയോടു കൂടി ഏതെങ്കിലും റോഡുകൾ നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആയവയുടെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ നൽകിയ അന്വേഷണക്കുറിപ്പ് (നം. 8) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-29 അളവു പുസ്തകം : സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുന്നതിനായുള്ള അളവു പുസ്തകങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഓഫീസിൽ സൂക്ഷിക്കുകയും അവിടെ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഒന്നിച്ച് നൽകുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ഒന്നിച്ചു ലഭിക്കുന്ന അളവു പുസ്തകങ്ങൾ എഞ്ചിനീയറിംഗ് വിഭാഗം സ്റ്റോക്കിലെടുത്ത് സൂക്ഷിക്കുകയും ഓരോ പ്രവൃത്തിയും അളവെടുക്കുന്നതിനായി ഈ സ്റ്റോക്കിൽ നിന്നും അളവു പുസ്തകങ്ങൾ എടുക്കുമ്പോൾ പ്രവൃത്തിയുടെ പേരും പ്രൊജക്ട് നമ്പറും രേഖപ്പെടുത്തി സ്റ്റോക്കിൽ കുറവു വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് ഓഫീസിൽ നിന്നും ലഭിക്കുന്ന അളവു പുസ്തകങ്ങൾ മേൽപറഞ്ഞ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിനാവശ്യമായ സ്റ്റോക്ക് രജിസ്റ്റർ എഞ്ചിനീയറിംഗ് വിഭാഗം സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 214251 | ക്ഷീരസംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 214251 |
| | 2021-22 | 250000 | കറവപശുക്കൾക്ക് കാലിത്തീറ്റ | 250000 |
| | 2021-22 | 20000 | കുടുംബശ്രീ ജനകീയഹോട്ടലുകൾക്ക് ധനസഹായം | 20000 |
| | 2021-22 | 650000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 650000 |
| | 2021-22 | 40000 | പച്ചക്കറി സ്വയംപര്യാപ്ത ഗ്രാമം വിത്ത് വിതരണവും കൂലിച്ചെലവും | 40000 |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 120000 | മുട്ടഗ്രാമം (വനിത) | 120000 |
| | 2021-22 | 650000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 650000 |
| | 2021-22 | 110000 | ലൈഫ് പദ്ധതി (എസ്.സി) | 110000 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ. എസ്. ഇ. ബി | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2396037 | 2396037 | 0 |
| കെൽട്രോൺ | സ്മാർട്ട് ഗാർബേജ് ആപ്പ് | 204900 | 204900 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ (എം. എസ്) 68/2018. ത.സ്വ.ഭ.വ തീയതി – 18/08/2018 | - | 3492951 | 410667 | -- | 3082284 |

## 4-6 സ്ഥിര നിക്ഷേപം

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 70,00,000 |
| ആകെ | 70,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 70,00,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച നം./ തിയതി | തുക |
|---|---|---|---|
| 1 | വില്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 103010031309 | 10,00,000 |
| 2 | വില്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 103010031310/18.02.2022 | 10,00,000 |
| 3 | വില്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 103010031311/18.02.2022 | 10,00,000 |
| 4 | വില്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 103010031312/18.02.2022 | 10,00,000 |
| 5 | വില്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 103010031313/18.02.2022 | 10,00,000 |
| 6 | വില്യാപ്പള്ളി പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 103010031314/18.02.2022 | 10,00,000 |
| 7 | വില്യാപ്പള്ളി | 103010031315/18.02.2022 | 10,00,000 |

| | | | |
|---|---|---|---|
| | പഞ്ചായത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | | |
| | ആകെ | | 70,00,000 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 14 | 2003-04 | പൊതു പരാമർശം | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെടുന്നില്ല. | നില നിൽക്കുന്നു |
| 1999-2000 | 2-1 | 2005-06 | പൊതു പരാമർശം | തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരവ് – കാലഹരണപ്പെട്ട തുകകളുടെ വിവരം | എൽ.എഫ്.എ.സി 2014-16(51) ഖ 38 പ്രകാരം തുക തിരികെ തിരികെ ഈടാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്ന മുറയ്ക്ക് ഒഴിവാക്കാൻ ശുപാർശ |
| 1999-2000<br>2000-2001<br><br>1998-1999 | | 2003-04 | മറ്റ് പരാമർശങ്ങൾ | 1. ഓല വീട് ഓട് മേയൽ – ക്രമക്കേട്.<br>2. വിട് റിപ്പയർ – പട്ടികജാതി പദ്ധതി നടത്തിപ്പിലെ അപാകതകൾ | നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | 3. കിഴക്കയിൽ മീത്തൽ കിണർ നിർമ്മാണ പ്രവൃത്തി- കൺവീനർ മുൻകൂർ | |
| 2000-01 | 2-2 | 2006-07 | പൊതു പരാമർശം 3.79.1 | കെട്ടിട നികുതി, തൊഴിൽ നികുതി തനത് വരുമാനം യഥാസമയം പിരിക്കാത്തതിനാൽ കാലഹരണപ്പെട്ടു. | നിലനിൽക്കുന്നു |
| | 2-1 | | പൊതു പരാമർശം 3.79.3 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് അപാകതകൾ | |
| 2000-01 | 3-4 | 2006-07 | പൊതു പരാമർശം 3.79.17-10 | പ്രവൃത്തി പൂർത്തീകരിച്ചില്ല | നിലനിൽക്കുന്നു |
| 2002-03 | 3-5 | 2007-08 | 3.62.1 | വനിതാ വ്യവസായ കേന്ദ്രം കോൺക്രീറ്റ് കെട്ടിടം തകർന്നത് സംബന്ധിച്ച് | നിലനിൽക്കുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം – 4 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 2-4 | 2016-17 | അനുബന്ധം – 5 | തൊഴിൽനികുതി അപാകതകൾ | നിലനിൽക്കുന്നു |
| 2015-16 | 3-1 | 2016-17 | 4-8 | ഗവ. ഐ.ടി.ഐ സ്ഥാപിക്കൽ പഞ്ചായത്തിന് ബാധ്യത | നിലനിൽക്കുന്നു |
| 2017-18 | 2-1 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം പോരായ്മകൾ | നിലനിൽക്കുന്നു |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82341712 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 81330978 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1998-99 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(2)/17.08.2022 | 3 | 14,16(2),17 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(6)/17.08.2022 | 1 | 2-3 |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(7)/17.08.2022 | 2 | 3-5,3-9 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(9)/19.08.2022 | 1 | 3-7എ |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(11)/20.08.2022 | 3 | 3-3(1) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(12)/20.08.2022 | 1 | 3-12 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(17)/20.08.2022 | 3 | 2-2,3-12, 3-16 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(18)/20.08.2022 | 8 | 2-4,3-3,3-6, 3-7, 3-9, 3-12,3-13,3-14 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(19)/20.08.2022 | 2 | 3-16, 3-20 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(20)/20.08.2022 | 9 | 1-12(6),2-1,2-2,3-2, 3-3,3-4,3-6,3-10,3-11 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി/പി6 /1294/2022(21)/20.08.2022 | 29 | 1-7,1-16,1-17,1-18,1-23, 1-27,1-28,1-29,1-31,1-33 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി/പി6 /344/2022 തീ- 24-02-2022 | 30 | മുഴുവൻ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ. കെ.കെ.ഡി.പി. 6/1000/2022 തീയതി 23/06/2022 | 30 | മുഴുവൻ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്